# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 119 — 08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതികളുടെ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം അദാനി പോർട്സിന്റെ പ്രതിനിധികളും, സംസ്ഥാനത്തിന്റെ പ്രതിനിധികളും , സംസ്ഥാനത്തിന് പുറത്ത് വെച്ച് ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥലങ്ങളിൽ വച്ച് ചർച്ച നടത്തുകയുണ്ടായി ; വിശദമാക്കാമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം അദാനി പോർട്സിന്റെ പ്രതിനിധികളുമായി മാത്രം ഒരു ചർച്ചയും നടത്തിയിട്ടില്ല. ടെണ്ടർ നടപടി ക്രമങ്ങളുടെ ഭാഗമായി ആദ്യഘട്ടത്തിൽ യോഗ്യത നേടിയവരിൽ നിന്നും രണ്ടാം ഘട്ടത്തിനായുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) വാങ്ങിയതും പ്രീ-ബിഡ് മീറ്റിംഗിൽ പങ്കെടുക്കുവാൻ അർഹത നേടിയതുമായ കമ്പനികളുമായി ചുവടെ പറയുന്ന നാല് പ്രീ-ബിഡ് മീറ്റിംഗുകൾ നടന്നു. |

| പ്രീ-ബിഡ് മീറ്റിംഗ് | തീയതി | സ്ഥലം | പങ്കെടുത്ത കമ്പനികൾ |
|---|---|---|---|
| I | 21st May, 2014 | ഡൽഹി | Essar Ports Ltd, SREI – OHL Consortium, Adani Ports & Special Economic Zone Ltd |
| II | 14th July, 2014 | മുംബൈ | SREI – OHL Consortium, Adani Ports & Special Economic Zone Ltd |
| III | 17th November 2014 | മുംബൈ | Adani Ports & Special Economic Zone Ltd |
| IV | 9th March, 2015 | മുംബൈ | SREI – OHL Consortium, Adani Ports & Special Economic Zone Ltd |

(ബി) ടെണ്ടറിൽ അദാനി പോർട്സിന്റെ ക്വാട്ട് ലഭിച്ചത് ഏത് തീയതിയി ലാണ് ; അതിന് മുമ്പും ശേഷവും മുഖ്യമന്ത്രിയോ തുറമുഖ വകുപ്പ് മന്ത്രിയോ, അന്നത്തെ ചീഫ് സെക്രട്ടറിയോ, സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തും വെച്ച് എത്ര തവണ അദാനി പോർട്സ് പ്രതിനിധി കളുമായി ചർച്ച നടത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയായി നിശ്ചയിച്ചിരുന്ന 2015 ഏപ്രിൽ മാസം 24-ാം തീയതിയാണ് അദാനി പോർട്സ് ബിഡ്ഡ് സമർപ്പിച്ചത്. ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ബിഡ് മീറ്റിംഗുകളിലും Technical, Financial & Legal മീറ്റിംഗു കളിലും ഒന്നും തന്നെ മുഖ്യമന്ത്രി, തുറമുഖ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Ltd ന്റെ ചെയർമാനുമായി, അദാനി ഗ്രൂപ്പിന്റെ പോർട്ട് ഡയറക്ടർ ഉൾപ്പെടെയുള്ള കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മുഖ്യ മന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3 ന് ഡൽഹി യിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥ കളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിയ്ക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ അവരിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പു മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ട റി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്ക് പുറത്തുവച്ച് നടന്ന ചർച്ചകൾ എന്നൊക്കെയായിരുന്നുവെന്നും ആരൊക്കെ പങ്കെടുക്കുകയുണ്ടായി എന്നും വിശദീകരിക്കുമോ ?

(സി) വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് ഇന്ത്യയ്ക്ക് പുറത്തുവച്ച് ഇതുവരെ ഒരു ചർച്ചയും നടന്നിട്ടില്ല.

സെക്ഷൻ ഓഫീസർ